# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2421** **08.03.2017-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പദ്ധതി നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവിധ ആരോഗ്യ പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിനെ ഏതു തരത്തിൽ ബാധിക്കും; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തിനകത്തുള്ള എല്ലാ സർക്കാർ ആശുപത്രികളേയും, 104 സ്വകാര്യ ആശുപത്രികളേയും അക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ ചികിത്സ തേടുന്ന കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള അസുഖങ്ങളുള്ളവർക്ക് പരമാവധി രണ്ട് ലക്ഷം രൂപവരെ ധനസഹായം നല്കിവരുന്നു. സ്വകാര്യ ആശുപത്രികൾക്ക് നിശ്ചിത പാക്കേജ് അനുസരിച്ചും, സർക്കാർ ആശുപത്രികൾക്ക് മുൻകൂറായും ചികിത്സാനുമതി നൽകിവരുന്നു. കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി യാതൊരു മാറ്റവുമില്ലാതെ മാനദണ്ഡങ്ങൾക്കനുസൃതമായി തുടർന്നു വരുന്നു. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് അന്തിമ രൂപം നൽകിയിട്ടില്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ആശുപത്രികൾക്കും സ്വകാര്യ ആശുപത്രികൾക്കും ചികിത്സാചെലവ് കുടിശ്ശികയായത് പരിഹരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (ബി) | കാരുണ്യ ബനവലന്റ് ഫണ്ടിന്റെ 27-ാമത് സംസ്ഥാനതല കമ്മിറ്റി 27/9 തീരുമാന പ്രകാരം കുടിശ്ശിക തുകകൾ വിതരണം ചെയ്യുന്നതിനുവേണ്ടി കുടുംബശ്രീയിൽ നിന്നും 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ദിവസവേതനാടിസ്ഥാനത്തിൽ മൂന്ന് മാസത്തേയ്ക്ക് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | ഈ സർക്കാർ വന്നതിനു ശേഷം പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച രോഗികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഈ പദ്ധതിയ്ക്കായി എത്ര തുക വിനിയോഗിച്ചു; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25361 രോഗികൾക്കായി 288.45 കോടി രൂപ ചികിത്സാനുമതി നൽകിയിട്ടുണ്ട് ഈ സാമ്പത്തിക വർഷം 28.02.2017 വരെ 311.31 കോടി രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. |
| (ഡി) | നോട്ടു നിരോധനം കാരുണ്യ ലോട്ടറിയിൽ സൃഷ്ടിച്ച പ്രതിസന്ധി ഈ പദ്ധതിയെ ബാധിക്കാതിരിക്കാൻ എടുത്ത നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ? | (ഡി) | കാരുണ്യ, കാരുണ്യപ്ലസ് ലോട്ടറികളിൽ നിന്നുള്ള അറ്റാദായമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നത്. ടി ഭാഗ്യക്കുറികളുടെ വിറ്റുവരവ് ട്രഷറി മുഖേന സർക്കാർ ഖജനാവിലേക്കാണ് ഒടുക്കുന്നത്. നോട്ട് നിരോധനത്തിന് മുൻപ് കാരുണ്യ, കാരുണ്യപ്ലസ് ലോട്ടറികളുടെ 40 ലക്ഷം ടിക്കറ്റുകളാണ് അച്ചടിച്ചിരുന്നത്. Demonitization-നെ തുടർന്ന് പ്രസ്തുത ടിക്കറ്റുകൾ വിൽക്കപ്പെടാതെ വരികയും അച്ചടി 30 ലക്ഷമാക്കി കുറയ്ക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത ഭാഗ്യക്കുറികളുടെ 33 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നുണ്ട്. നോട്ടു നിരോധനം മൂലം കാരുണ്യ/ കാരുണ്യപ്ലസ് ഭാഗ്യക്കുറികളുടെ വിറ്റുവരവിൽ കുറവ് വന്നെങ്കിലും പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 250 കോടി രൂപ ഇതിനകം കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.